**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5005** — **01-11-2021 - ൽ മറുപടിയ്ക്ക്**

**ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തെ അതിൽ നിന്നും മാറ്റുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തണ്ണീർതട സംരക്ഷണ നിയമ പ്രകാരം തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തെ അതിൽ നിന്നും മാറ്റുന്നതിനുള്ള ഉത്തരവ് ലഭിക്കാനായി സ്ഥലമുടമ ആർക്കാണ് അപേക്ഷ നൽകേണ്ടത്; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായുള്ള അപേക്ഷ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 (ഡി) പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയും ചട്ടം 4(6) പ്രകാരം ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി (L L M C ) മുമ്പാകെയും സമർപ്പിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത അപേക്ഷയോടൊപ്പം സ്ഥലമുടമ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | 1. ഫോറം 5-ലുള്ള അപേക്ഷ ( നൂറ് രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചത് ) 2. അപേക്ഷ ഭൂമിയുടെ നികുതി രശീത് 3. അപേക്ഷ ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് 4. അപേക്ഷ ഭൂമിയുടെ ആധാരം |
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ വിവിധ തലങ്ങളിലായി നടക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | ഡേറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/ തെറ്റായി ഉൾപ്പെട്ട ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഫോറം 5-ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച്, അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ, തണ്ണീർത്തടങ്ങൾ (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ഉചിതമാണെന്ന് കാണുന്ന പക്ഷം നേരിട്ട് സ്ഥലപരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടു കൂടിയോ, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച്, അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ |

| | | | |
|---|---|---|---|
| | | | ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രാദേശികതല നിരീക്ഷണ സമിതി ( L L M C ) ക്കാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ സമിതി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സ്ഥലപരിശോധനയുടെയും ഉപഗ്രഹ ചിത്രത്തിന്റെയും അടിസ്ഥാനത്തിൽ തീരുമാനം എടുത്തു ആവശ്യമെങ്കിൽ ഡാറ്റാബാങ്കിൽ തിരുത്തലുകൾ വരുത്തി പരിഷ്കരിച്ച പ്രസിദ്ധപ്പെടുത്തണം. |
| (ഡി) | ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഏത് ഓഫീസിൽ നിന്നാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ; | (ഡി) | 1. 4 (d) പ്രകാരമുള്ള അപേക്ഷയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നാണ് ലഭിക്കുന്നത്. 2. 4 (6) പ്രകാരമുള്ള അപേക്ഷയിൽ ഗസറ്റ് വിജ്ഞാപനത്തിലൂടെ അറിയാവുന്നതാണ്. |
| (ഇ) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇത്തരത്തിലുള്ള അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കാൻ സേവനാവകാശ നിയമ പ്രകാരം എത്ര സമയമാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള തരം മാറ്റ/ഡേറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായുള്ള അപേക്ഷകളെ, സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വന്നിട്ടില്ല. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് പദ്ധതിയുമായി ബന്ധപ്പെട്ട്, വ്യവസായിക വാണിജ്യ ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന തരം മാറ്റ അപേക്ഷകളിൽ, സേവനാവകാശ പ്രകാരമുള്ള സമയ പരിധി നിശ്ചയിച്ച് കൊണ്ട്, 9-12-2020-ലെ G.O.(Rt) No.3776/2020/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Revenue Department:- Ease of Doing Business - Business Reform Action Plan – Inclusion in the Right to Service Act. - Service deliver timelines - Proposal approved.- Orders issued.

---

**Revenue(G) Department**

**G.O(Rt) No.3776/2020/RD** Dated, Thiruvananthapuram,09.12.2020.

---

Read - 1) Note No. 228/Prl.Secy/Ind & Norka/ 2020 dated 07.08.2020 from Dr. K. Ellangovan IAS, Principal Secretary to Government, Industries & Norka Department.

2) Letter No. L.R (A.4) 329892020 dated 09.12.2020 from the Commissioner, Land Revenue

**ORDER**

The Principal Secretary to Government, Industries & Norka Department, vide note read as 1st paper above, has forwarded the details of the implementation of District Business Reform Action Plan pertaining to Revenue Department.

2) The Commissioner, Land Revenue vide letter read as 2nd paper above has submitted the proposal on procedures regarding the services rendered by the Revenue Department.

3) Government have examined the matter in detail and are pleased to approve the service delivery timelines furnished by the Commissioner, Land Revenue, as appended herewith. The service delivery timelines are for applications pertaining to industrial / commercial purposes only. The time limit stipulated above will commence only after all documents and reports required for providing the service are duly submitted before the designated officers.

By Order of the Governor.

**J. BENCY**

**Additional Secretary to Government.**

To

The Commissioner, Land Revenue, Thiruvananthapuram.
The Director, Survey & Land Records, Thiruvananthapuram.
Industries Department.
Information & Public relations (Web & New media) Department
Stock file/ Office copy

Forwarded /By Order

Section Officer

Copy to:- PA to Principal Secretary (Revenue)

APPENDIX

| Sl. No. | Name of service | Stipulated time limit | Designated Officer | 1st Appellate Authority | 2nd Appellate Authority |
|---|---|---|---|---|---|
| 1 | LE(1) Licence for manufacture of fire works u/r 113 Explosive Rules - 2008. | Three weeks | District Collector | Land Revenue Commissioner | Government |
| 2 | LE(2) Licence for manufacture of adirverttus and possession of adirverttus. | Three weeks | District Collector | Land Revenue Commissioner | Government |
| 3 | LE(3) Licence for possession of fire or safety fuse in a store house u/r 113 of Explosive Rues – 2008. | Three weeks | District Collector | Land Revenue Commissioner | Government |
| 4 | LE(4) Licence for compressor mounted motor truck or tractor for use in well sinking u/r 113 of Explosive Rules – 2008. | Three weeks | District Collector | Land Revenue Commissioner | Government |
| 5 | LE(5) Licence to possess and sale from a shop of manufactured fire works u/r 113 of Explosive Rules - 2008. | Three weeks | District Collector | Land Revenue Commissioner | Government |
| 6 | LE(6) Licence to possess and use fire works for public display. | Three weeks | District Collector | Land Revenue Commissioner | Government |
| 7 | LE(7) Licence to transport explosives in a roadvan. | Two weeks | District Collector | Land Revenue Commissioner | Government |
| 8 | LE(8) Licence to import or export explosives. | Three weeks | District Collector | Land Revenue Commissioner | Government |
| 9 | LE(9) Licence to manufac ture/ possess/ sale/use of explosives. | Three weeks | District Collector | Land Revenue Commissioner | Government |
| 10 | AE(12) NOC for magazine | Three weeks | District Collector | Land Revenue Commissioner | Government |
| 11 | NOC for petrol pump under Petroleum Rules 2002. | Three weeks | District Collector | Land Revenue Commissioner | Government |

| | | | | | |
|---|---|---|---|---|---|
| 12. | Conversion of land for public purpose (land included in data bank) under Rule 5 (3) of Kerala Conservation of Paddy & Wet land Rules 2008 | 45 days | Government | NA | NA |
| 13. | Conversion of land for public purpose (unnotified land) under Rule 12 (16) of Kerala Conservation of Paddy & Wet land Rules 2008 | 45 days | Government | NA | NA |
| 14. | Correction of entries in the data bank under Rule 4(d) of Kerala Conservation of Paddy & Wet land Rules 2008 | 60 days | Revenue Divisional Officer | District Collector | Land Revenue Commissioner |
| 15. | Change of nature of unnotified land (below 20.23 Ares) under Rule 12 (1) of Kerala Conservation of Paddy & Wet land Rules 2008 | 60 days | Revenue Divisional Officer | District Collector | Land Revenue Commissioner |
| 16. | Change of nature of unnotified land (above 20.23 Ares) under Rule 12 (1) of Kerala Conservation of Paddy & Wet land Rules 2008 | 60 days | Revenue Divisional Officer | District Collector | Land Revenue Commissioner |
| 17. | Change of nature of land converted before 04.07.1967 Under Rule 12 (13) of Kerala Conservation of Paddy & Wet land Rules 2008 | 45 days | Revenue Divisional Officer | District Collector | Land Revenue Commissioner |